**113/2021-M**

| ചോദ്യ പുസ്തക അക്ഷര കോഡ് | **A** | ചോദ്യ പുസ്തക ക്രമ നമ്പർ | 102385 |
|---|---|---|---|

ചോദ്യങ്ങളുടെ ആകെ എണ്ണം : 50 സമയം : 45 മിനിട്ട്

പരമാവധി മാർക്ക് : 50

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക ചതുരത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള അക്ഷര ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമ നമ്പർ പുറംചട്ടയുടെ വലതു വശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 50 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടെങ്കിൽ അക്കാര്യം പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ഓരോ ചോദ്യത്തിനും ശരിയുത്തരം ഉൾപ്പെടെ **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാസമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് അസിസ്റ്റന്റ് സൂപ്രണ്ടിനെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല. പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ട് രജിസ്റ്റർ നമ്പർ കോഡിംഗ് ഷീറ്റിലെ വിവരങ്ങൾ പരിശോധിച്ച് ഒപ്പ് രേഖപ്പെടുത്തുന്ന കാര്യം ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

SEAL

Maximum : 50 marks

Time : 45 minutes

1. കേരള സാഹിത്യ അക്കാഡമിയുടെ ആസ്ഥാനം :

   (A) തിരുവനന്തപുരം
   (B) തൃശ്ശൂർ
   (C) വർക്കല
   (D) കോഴിക്കോട്

2. പുതിയ വാഹനം രജിസ്റ്റർ ചെയ്യുന്നതിലേക്കായി നൽകേണ്ട ഫാറം ഏതാണ്?

   (A) ഫോം നമ്പർ 20
   (B) ഫോം നമ്പർ 33
   (C) ഫോം നമ്പർ 22
   (D) ഫോം നമ്പർ 21

3. ഹസാഡ് ലൈറ്റ്സ് താഴെ പറയുന്ന സാഹചര്യത്തിൽ ഉപയോഗിക്കാവുന്നതാണ് :

   (A) മഞ്ഞു നിറഞ്ഞ സാഹചര്യത്തിൽ വാഹനം ഓടിക്കുമ്പോൾ
   (B) നേർ ദിശയിൽ വാഹനം കടന്നുപോകേണ്ടപ്പോ
   (C) വാഹനം അടിയന്തിരമായി പാതയോരത്ത് നിർത്തിയിടേണ്ടിവരുമ്പോൾ
   (D) മുകളിൽ സൂചിപ്പിച്ച എല്ലാ സാഹചര്യങ്ങളിലും

4. 50-ാമത് സംസ്ഥാന സിനിമ അവാർഡുകളിൽ ഏറ്റവും മികച്ച നടിക്കുള്ള അവാർഡ് നേടിയത് ആരാണ്?

   (A) പാർവ്വതി
   (B) മഞ്ജു വാരിയർ
   (C) കനി കുസൃതി
   (D) സ്വാസിക

5. GPS എന്നതിന്റെ പൂർണ്ണരൂപം :

   (A) ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (Global Positioning System)
   (B) ഗ്ലോബൽ പൊസിഷനിംഗ് സർവ്വീസ് (Global Positioning Service)
   (C) ഗ്ലോബൽ പാസിംഗ് സർവ്വീസ് (Global Passing Service)
   (D) ജിയോ പൊസിഷനിംഗ് സിസ്റ്റം (Geo Positioning System)

6. ഒരു രാജ്യം റിപ്പബ്ലിക് ആകുന്നതിന് താഴെ കൊടുക്കുന്ന സാഹചര്യങ്ങളിൽ ഒരെണ്ണം കാരണമാണ് :

(A) ഭരണഘടന നിലവിൽ വരുമ്പോൾ

(B) ജനാധിപത്യം നടപ്പിൽ വരുമ്പോൾ

(C) രാജ്യത്തിന്റെ തലവൻ തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തിയാകുമ്പോൾ

(D) പ്രായപൂർത്തി വോട്ടവകാശം നടപ്പിലാകുമ്പോൾ

7. ഐക്യരാഷ്ട്രസഭയിലെ ഭാരതത്തിന്റെ സ്ഥിരം പ്രതിനിധിയായി നിയമിതനായ നയതന്ത്രജ്ഞൻ ആരാണ്?

(A) ഇന്ദ്ര മണി പാണ്ഡെ

(B) തിരുമൂർത്തി

(C) സയ്യദ് അക്ബറുദീൻ

(D) നിരുപം സെൻ

8. 'നിള' നദി എന്നറിയപ്പെടുന്ന കേരളത്തിലെ പുഴ :

(A) ഭാരതപ്പുഴ

(B) പെരിയാർ

(C) പമ്പ

(D) ഭവാനിപ്പുഴ

9. കേരളത്തിലെ ആദ്യ വനിതാ മന്ത്രി :

(A) അക്കാമ്മ ചെറിയാൻ

(B) സുശീല ഗോപാലൻ

(C) കെ.ആർ. ഗൗരിയമ്മ

(D) ആര്യ പള്ളം

10. കേരള സംസ്ഥാനത്തിന്റെ ഔദ്യോഗിക മത്സ്യമായി തീരുമാനിച്ചിരിക്കുന്നത് ഇതിൽ ഏതാണ്?

(A) മത്തി

(B) അയല

(C) ആവോലി

(D) കരിമീൻ

11. മോട്ടോർ വാഹനം ലൈസൻസ് ഇല്ലാതെ ഡ്രൈവർ ഓടിക്കുകയും വാഹന ഉടമ ഡ്രൈവർ അല്ലാതായിരിക്കുകയും ചെയ്യുകയാണെങ്കിൽ മോട്ടോർ വാഹന നിയമപ്രകാരം എത്ര രൂപ ഫൈൻ അടക്കണം?

(A) 1,000

(B) 500

(C) 5,000

(D) 10,000

12. ഡ്രൈവർ സീറ്റ് ബെൽറ്റ് ഇല്ലാതെ വാഹനം ഓടിച്ചാലുള്ള പിഴ എത്ര?

(A) 100

(B) 250

(C) 500

(D) 400

13. ഇൻഷ്വറൻസ് ഇല്ലാതെ വാഹനം ഓടിച്ചാലുള്ള ഫൈൻ എത്ര?

(A) 2,000 (B) 4,000

(C) 5,000 (D) 1,000

14. ഒരു മോട്ടോർ കാറിന് (L.M.V.) നാലുവരിപാതയിൽ അനുവദിച്ചിട്ടുള്ള പരമാവധി വേഗത എത്ര?

(A) 80 (B) 85

(C) 90 (D) 70

15. ഒരു ലൈറ്റ് മോട്ടോർ വാഹനത്തിന് സ്കൂൾ പരിധിയിൽ അനുവദിച്ചിരിക്കുന്ന പരമാവധി വേഗത എത്ര?

(A) 40 (B) 35

(C) 30 (D) 25

16. വാഹനം ഓടിക്കുമ്പോൾ ഡ്രൈവർ പാലിക്കേണ്ട പ്രാഥമികമായ റോഡ് നിയമം ഏതാണ്?

(A) വേഗത കുറവ് ഓടിക്കുക

(B) സിഗ്നലുകൾ ശ്രദ്ധിച്ച് ഓടിക്കുക

(C) റോഡിന്റെ ഇടതുവശം ചേർന്ന് ഓടിക്കുക

(D) അനാവശ്യമായി ഹോൺ ഉപയോഗിക്കാതിരിക്കുക

17. ഒരു സർക്കാർ വാഹനത്തിൽ യാത്രയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ട രജിസ്റ്റർ ഏതാണ്?

(A) ജി.പി.ആർ. (B) വി.പി.ആർ.

(C) ലോഗ് ബുക്ക് (D) ടൂർ ബുക്ക്

18. വാഹനം ഓടിക്കുമ്പോൾ വാഹനം തട്ടി വഴിയാത്രക്കാരൻ മറ്റു വാഹന യാത്രക്കാരൻ അപകടം പറ്റി അബോധാവസ്ഥയിലായി കണ്ടാൽ ആദ്യം ചെയ്യേണ്ടത് എന്ത്?

(A) പോലീസ് സ്റ്റേഷനിൽ അറിയിക്കുക

(B) വാഹനത്തിൽ ആശുപത്രിയിൽ എത്തിക്കുക

(C) പ്രാഥമിക ശുശ്രൂഷ നൽകുക

(D) ആമ്പുലൻസ് വിളിക്കുക.

19. വാഹനം ഓടിക്കുമ്പോൾ കൈകൊണ്ട് കാണിക്കേണ്ട എത്ര സിഗ്നലുകൾ ഉണ്ട്?

(A) 4 (B) 5

(C) 7 (D) 6

20. ഇലക്ട്രിക്കൽ ഓഫ്റോഡ് വാഹനങ്ങളിൽ ഉപയോഗിക്കുന്ന ബാറ്ററി ഏത്?

(A) കാർബൺ ബാറ്ററി
(B) ലിഥിയം അയൺ ബാറ്ററി
(C) ആമറോൺ ബാറ്ററി
(D) നൈട്രജൻ ഇലക്ട്രോഡ് ബാറ്ററി

21. സ്പാർക്ക് പ്ലഗ് ഉപയോഗിക്കുന്നത് സാധാരണയായി ഏത് എൻജിനിലാണ്?

(A) ഹൈബ്രീഡ്
(B) ഇലക്ട്രിക്കൽ
(C) പെട്രോൾ
(D) ഡീസൽ

22. ഒരു ലൈറ്റ് മോട്ടോർ വാഹനത്തിൽ എൻജിനിൽ നിന്നുള്ള ശക്തി (Power) വീലുകളിലേക്ക് നൽകുന്നത് എന്താണ്?

(A) ഗിയർ ബോക്സ്
(B) പ്രൊപ്പെല്ലർ ഷാഫ്റ്റ്
(C) ക്രൗൺ ഗിയർ
(D) (A) യും (B) യും

23. ഒരു ലൈറ്റ് മോട്ടോർ വാഹനം സ്റ്റാർട്ട് ചെയ്യുന്നതിന് മുൻപ് നടത്തേണ്ട പ്രാഥമിക പരിശോധനകൾ എന്ത്?

(A) എൻജിൻ ഓയിൽ ലെവൽ
(B) ടയർ പ്രഷർ
(C) കൂളന്റ് ലെവൽ
(D) ഇവ മൂന്നും

24. ഒരു വാഹനത്തിൽ സൂക്ഷിക്കേണ്ട പ്രധാനപ്പെട്ട രേഖകൾ എന്താണ്?

(A) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്
(B) ടാക്സ് ടോക്കൺ
(C) ഇൻഷൂറൻസ്
(D) ഇവ മൂന്നും

25. ഇൻഷൂറൻസ് കാലാവധി പഴയ വാഹനങ്ങൾക്ക് എത്ര വർഷമാണ്?

(A) 1 വർഷം
(B) 2 വർഷം
(C) 6 മാസം
(D) 3 വർഷം

26. ഒരു വ്യക്തി LMV ബാലൻസ് എടുക്കുമ്പോൾ എത്ര പ്രായം ഉണ്ടായിരിക്കണം?

(A) 16
(B) 18
(C) 20
(D) 24

27. പാരലൽ പാർക്കിംഗ് എന്ന് പറഞ്ഞാൽ എന്താണ്?

(A) ഇടത് വശം ചേർന്ന് പാർക്ക് ചെയ്യുക

(B) റോഡിന് പാരലൽ ആയി പാർക്ക് ചെയ്യുക

(C) ഉള്ള സ്ഥലം അനുസരിച്ച് പാർക്ക് ചെയ്യുക

(D) മറ്റു വാഹനങ്ങൾ ലൈനായി പാർക്ക് ചെയ്യുന്നതിന് അനുസൃതമായി നേർരേഖയിൽ പാർക്ക് ചെയ്യുക

28. റോഡിന് നടുവിൽ കാണുന്ന വിട്ടുവിട്ടുള്ള വരകൾ എന്തിനെ സൂചിപ്പിക്കുന്നു?

(A) ഇടത് വശം ചേർന്ന് പോകാം

(B) സൈഡിൽ പാർക്ക് ചെയ്യാം

(C) ആവശ്യമെങ്കിൽ ഓവർടേക്ക് ചെയ്യാം

(D) ഒരിക്കലും ലൈൻ ക്രോസ് ചെയ്യരുത്

29. കയറ്റങ്ങളിൽ മുൻഗണന ഏതു വാഹനങ്ങൾക്ക് കൊടുക്കണം?

(A) കയറ്റം കയറി വരുന്ന വാഹനങ്ങൾക്ക്

(B) കയറ്റം ഇറങ്ങി വരുന്ന വാഹനങ്ങൾക്ക്

(C) ഓവർ ലോഡ് വാഹനങ്ങൾക്ക്

(D) ഹെഡ് ലൈറ്റ് ഇട്ട് വരുന്ന വാഹനങ്ങൾക്ക്

30. ഹസാഡർസ് സിഗ്നൽ എന്തിനാണ് ഉപയോഗിക്കുന്നത്?

(A) ജംഗ്ഷനിൽ നേരെ പോവാൻ

(B) മറ്റു വാഹനങ്ങളെ മറി കടക്കാൻ

(C) നമ്മുടെ വാഹനം അപകടകരമായ അവസ്ഥയിലാണ് എന്ന് അറിയിക്കൽ

(D) മഴയുള്ളപ്പോൾ

31. യുടേൺ എടുക്കുമ്പോൾ കൈകൊണ്ട് കാണിക്കേണ്ട സിഗ്നൽ :

(A) ചൂണ്ട് വിരൽ വളച്ച് വെളിയിലേക്ക് കാണിക്കുക

(B) വലതു കൈ മുൻപിലേക്കും പുറകിലേക്കും വീശി കാണിക്കുക

(C) വലതു കൈ വലത്തോട്ട് നിവർത്തി കാണിക്കുക

(D) വലതു കൈ ചുഴറ്റി കാണിക്കുക

32. ഒരു പുതിയ വാഹനത്തിന്റെ രജിസ്ട്രേഷൻ കാലാവധി എത്ര വർഷം :

(A) 10
(B) 15
(C) 20
(D) 25

33. മോട്ടോർ വാഹന നിയമം ആദ്യമായി നിലവിൽ വന്ന വർഷം ഏത്?

(A) 1929
(B) 1986
(C) 1988
(D) 1939

34. വാഹനത്തിന്റെ ആകെയുള്ള ഭാരം നിരവധി വീലുകളിലൂടെ പ്രസരിപ്പിക്കുമ്പോൾ ഒരു ദണ്ഡിൽ ഘടിപ്പിച്ചിരിക്കുന്ന വീലുകളിലൂടെയുള്ള ഭാരത്തെ സൂചിപ്പിച്ചിരിക്കുന്നത് :

(A) ഗ്രോസ് വെഹിക്കിൾ ഭാരം
(B) ആക്സിൽ ഭാരം
(C) മൊത്തം ഭാരം
(D) അൺലാഡഡ് ഭാരം

35. ഒരു വാഹനം അപകടം നടന്നതിൽ മാരകമായി പരിക്ക് പറ്റിയ വ്യക്തിയെ രക്ഷിക്കാനുള്ള ഒരു മണിക്കൂർ സമയം ഏതാണ്?

(A) സിൽവർ ഹവർ
(B) ഗോൾഡൺ ഹവർ
(C) പ്ലാറ്റിനം ഹവർ
(D) റെസ്ക്യൂ ഹവർ

36. ഒരു മോട്ടോർ വാഹനത്തിന്റെ ഫൈനൽ ഡ്രൈവ് എന്ന് പറയുന്നത് എന്താണ്?

(A) ഗിയർ ബോക്സ്
(B) പിൻ വീലുകൾ
(C) യൂണിവേഴ്സൽ ജോയിന്റ്
(D) പ്രൊപ്പല്ലർ ഷാഫ്റ്റ്

37. ഒരു ട്രാഫിക് നിയമലംഘനം റിപ്പോർട്ട് ചെയ്യപ്പെട്ടാൽ പിഴ ഒടുക്കാനുള്ള നിർദ്ദേശം തരേണ്ട ഉദ്യോഗസ്ഥൻ :

(A) ആർ.ടി.ഒ.
(B) ഡി.ജി.പി.
(C) സബ് ഇൻസ്പെക്ടർ/അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ഇവരോ ഇവർക്ക് മുകളിലുള്ളവരോ
(D) സിവിൽ പോലീസ് ഓഫീസർ

38. ഒരു ട്രാഫിക് നിയമ ലംഘനത്തിൽ ആർ.ടി.ഒ. ഒരു ഡ്രൈവറുടെ ലൈസൻസ് സസ്പെന്റ് ചെയ്താൽ പ്രശ്നപരിഹാരത്തിനായി സമീപിക്കേണ്ട അതോറിറ്റി :

(A) ഡി.ജി.പി.

(B) സൂപ്രണ്ട് ഓഫ് പോലീസ്

(C) ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ

(D) ട്രാൻസ്പോർട്ട് കമ്മീഷണർ

39. പെരുകി വരുന്ന റോഡ് അപകടങ്ങളിൽ നിന്ന് മോചനം നേടാൻ നമ്മൾ എന്ത് ചെയ്യണം?

(A) ട്രാഫിക് നിയമം അനുസരിച്ച് വാഹനം ഓടിക്കുക

(B) ഡിഫൻസീവ് ഡ്രൈവിംഗ് പാലിക്കുക

(C) നിയമം തെറ്റി കടന്നവർക്കെതിരെ കേസ് കൊടുക്കുക

(D) (A), (B) എന്നിവ പാലിക്കുക

40. നിങ്ങൾ ഒരു എൻഫോഴ്സ്മെന്റ് ഡ്രൈവർ ആണ് എങ്കിൽ നിങ്ങൾ ട്രാഫിക് നിയമങ്ങൾ പാലിക്കാതെ വാഹനം ഓടിക്കാമോ?

(A) പറ്റില്ല

(B) പറ്റും

(C) മേലുദ്യോഗസ്ഥൻ അടിയന്തിര ഘട്ടമാണ് എന്ന് പറയുകയും നിങ്ങൾക്ക് ബോദ്ധ്യപ്പെടുകയും ചെയ്താൽ

(D) കൂടെയുള്ളവർ നിർദ്ദേശിച്ചാൽ

41. ജ്ഞാനപ്പാന എഴുതിയത് ആര്?

(A) വ്യാസൻ

(B) ജയദേവൻ

(C) പൂന്താനം

(D) നാരായണഭട്ടതിരി

42. പതിനെട്ടു പടികൾ എന്തിന്റെ പ്രതീകങ്ങൾ ആണ്?

(A) 18 പുരാണങ്ങൾ

(B) വേദ-വേദാംഗങ്ങൾ

(C) ആരണ്യകങ്ങൾ

(D) ഉപനിഷത്തുക്കൾ

43. പഞ്ചവാദ്യങ്ങളിൽ ഉൾപ്പെടാത്ത വാദ്യം ഏത്?

(A) ഇടയ്ക്ക
(B) തിമില
(C) ചെണ്ട
(D) കൊമ്പ്

44. ദക്ഷിണകേരളത്തിലെ പ്രസിദ്ധമായ പരശുരാമക്ഷേത്രം എവിടെ സ്ഥിതിചെയ്യുന്നു?

(A) തിരുവല്ല
(B) തിരുവല്ലം
(C) ശ്രീവല്ലഭം
(D) തിരുനക്കര

45. ശ്രീകൃഷ്ണന്റെ ശംഖിന്റെ പേരെന്ത്?

(A) പാഞ്ചജന്യം
(B) ദേവദത്തം
(C) സുഘോഷം
(D) മണിപൂരകം

46. ഒറ്റക്കൽ മണ്ഡപം സ്ഥിതിചെയ്യുന്നത് ഏത് ക്ഷേത്രത്തിലാണ്?

(A) ഗുരുവായൂരിൽ
(B) തിരുമാന്ധാംകുന്നിൽ
(C) വൈക്കത്ത്
(D) ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിൽ

47. തൃപ്പൂത്ത് ആറാട്ട് വിശേഷം ഏതു ക്ഷേത്രത്തിലാണ് ഉള്ളത്?

(A) ആറ്റുകാലിൽ
(B) ചക്കുളത്തുകാവിൽ
(C) തിരുമാന്ധാംകുന്നിൽ
(D) ചെങ്ങന്നൂർ ദേവീക്ഷേത്രത്തിൽ

48. കൂടൽമാണിക്യക്ഷേത്രത്തിലെ ദേവൻ ആര്?

(A) രാമൻ
(B) ശത്രുഘ്നൻ
(C) ഭരതൻ
(D) ലക്ഷ്മണൻ

49. ഭഗവത്ഗീതയിൽ എത്ര അദ്ധ്യായങ്ങൾ ഉണ്ട്?

(A) പതിനേഴ്
(B) ഇരുപത്തി ഒന്ന്
(C) പതിമൂന്ന്
(D) പതിനെട്ട്

50. ഏറ്റുമാനൂർ ക്ഷേത്രത്തിൽ ഏഴരപ്പൊന്നാനകളെ നടയ്ക്കു വെച്ചത് ആര്?

(A) മാർത്താണ്ഡവർമ്മ
(B) കായംകുളം രാജാവ്
(C) ചിത്തിരതിരുനാൾ
(D) സ്വാതിതിരുനാൾ